കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

---

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-ബി.പി-150/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഇ-മെയിൽ :- ddhglfalpy@gmail.com

തീയതി. 07.02.2019

ഫോൺ :- 0477 2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

.
.
.

സർ,

വിഷയം : ആര്യാട് ബ്ലോക്ക് പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

കെ.എസ്.എ-എ.എൽ.പി-ബി.പി-150/19 തീയതി :- 07.02.2019

## ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.11.2017 മുതൽ 19.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സാബു ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 20.12.2018 മുതൽ<br>31.12.2018 വരെ | ശ്രീ. രാജേഷ് കെ.ജി, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രവീൺ ഷേണായ്. ജെ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. റോയ് റ്റി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | | |
|---|---|---|
| 1. | അഡ്വ. ഷീന സനൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

2. സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.സി.കെ.മോഹനൻ നായർ | 01.04.2017 മുതൽ 07.09.2017 വരെ |
| 2 | ശ്രീമതി. സി.എ.ബീന, ജി.ഇ.ഒ (ചാർജ്ജ്) | 08.09.2017 മുതൽ 11.10.2017 വരെ |

| | | |
|---|---|---|
| | | |
| 3 | ശ്രീ. മെൽവിൻ സി.എഫ്. | 12.10.2017 മുതൽ 31.03.2018 വരെ |

3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. എൻ.പി. സ്നേഹജൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. കൊച്ചുത്രേസ്യ ജെയിംസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. ജയൻ തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ – വിദ്യാഭ്യാസകാര്യം | ശ്രീമതി. വിലഞ്ചിത ഷാനവാസ് | 01.04.2017 മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. സഫീന. കെ. എസ് | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, ആർ.എച്ച്.ടി.സി., ചെട്ടികാട് | ഡോ. ആശ കെ. പി. | 01.04.2017മുതൽ 30.04.2017വരെ |
| | ഡോ. കരോൾ പി നെറോ | 01.05.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മുഹമ്മ | ഡോ. ശ്രീദേവി. എസ് | 01.04.2017മുതൽ 11.04.2017വരെ |
| | ഡോ. ബിജു മോഹൻ. എം. റ്റി | 12.04.2017മുതൽ 31.12.2017വരെ |
| | ഡോ. ശ്രീദേവി. എസ് | 01.01.2018മുതൽ 31.03.2018വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. അനൂപ. ടി. പി. | 01.04.2017മുതൽ 31.03.2018വരെ |
| സി.ഡി.പി.ഒ | ശ്രീമതി. റഷീദ ബീവി | 01.04.2017മുതൽ 21.07.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി. ആശാലത. യു. പി. (ഇൻ-ചാർജ്ജ്) | 22.07.2017മുതൽ 26.08.2017വരെ |
| | ശ്രീമതി. റഷീദ ബീവി | 27.08.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. അപ്പൻ. എസ്. | 01.04.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സീന. ജി. ആർ | 01.04.2017മുതൽ 26.10.2017 വരെ |
| | ശ്രീമതി. സിനി. എസ്. | 27.10.2017മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. സിബിമോൾ. റ്റി.എസ്. | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. സുനിത. പി. വി. | 01.04.2017മുതൽ 20.11.2017 വരെ |
| | ശ്രീ. അക്ബർ. എസ്. യു. | 21.11.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1 | പൊതു അവലോകനം | 1-1 മുതൽ 1-5 വരെ |
| ഭാഗം2 | | |
| 2 | വാടക കുടിശ്ശിക ഈടാക്കാത്തതു മൂലം വരവ് നഷ്ടം | 2-1 |
| 3 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 2-2 |
| ഭാഗം 3 | | |
| 4 | 2017-18 വർഷത്തെ ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയില്ല. | 3-1 |
| 5 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 6 | സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകൽ – വിനിയോഗ സാക്ഷ്യപത്രത്തിൽ | 3-3 |

| | | |
|---|---|---|
| | വ്യക്തതയില്ല. | |
| 7 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി. | 3-4 |
| 8 | കേരളോത്സവം 2017 – അടങ്കലിൽ അധികരിച്ച് തുക ചെലവഴിച്ചു. | 3-5 |
| 9 | ആർദ്രമീ ആര്യാട് – പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോഴും പ്രാരംഭ ഘട്ടത്തിൽ. | 3-6 |
| 10 | മയിൽപീലിക്കൂട്ടം – കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കിയില്ല. | 3-7 |
| 11 | ഇ.എം.എസ് വായ്പ്പാ തിരിച്ചടവ് – യഥാസമയം ലോൺ അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്തില്ല. | 3-8 |
| 12 | മരുന്ന് വിതരണം പൂർത്തിയായില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 13 | കൃഷി അസി.ഡയറക്ടർ നിർവ്വഹിച്ച പ്രോജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-10 |
| 14 | കടലോര മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് വലയും കട്ടമരവും ഔട്ട്ബോർഡ് എഞ്ചിനും നൽകൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-11 |
| 15 | മാതൃകാ കൃഷിത്തോട്ടം- പ്രോജക്ടിലെ അപാകതകൾ | 3-12 |
| 16 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ചെലവു രേഖകൾ ലഭ്യമല്ല | 3-13 |
| 17 | മൂല്യ നിർണ്ണയത്തിലെ അപാകത മൂലം അധിക തുക നൽകി | 3-14 |
| 18 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 3-15 |
| ഭാഗം 4 | | |
| 19 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| അനുബന്ധം | | |
| 20 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

15.02.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 17,56,80,810 | 17,20,75,650 |
| വാർഷിക കണക്ക് പ്രകാരം | 6,67,45,704 | 6,66,06,404 |

പ്രതീക്ഷിത വരവ്-ചെലവ് കണക്കുകളും യഥാർത്ഥ വരവ് -ചെലവ് കണക്കുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടെന്നും ബജറ്റ് എസ്റ്റിമേറ്റുകൾ യാഥാർത്ഥ്യബോധത്തോടെയല്ല തയാറാക്കുന്നതെന്നും മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം-സെക്ഷൻ(214) ന് അനുസൃതമായി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

സമർപ്പിച്ച തീയതി-19.06.2018

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,10,11,388 |
| വരവ് | 6,67,45,704 |
| ആകെ | 7,77,57,092 |
| ചെലവ് | 6,66,06,404 |
| നീക്കിയിരിപ്പ് | 1,11,50,688 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | - | 29393848 | 29393848 | 29389985 | 3863 |
| വികസനഫണ്ട് (എസ്.സി.പി) | - | 5254000 | 5254000 | 4509416 | 744584 |
| വികസന ഫണ്ട് (ടി.എസ്.പി) | - | 330000 | 330000 | 330000 | 0 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | - | 3748000 | 3748000 | 3113105 | 634895 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - |
| കെ.എൽ.എസ്. ജി.ഡി.പി | - | - | - | - | - |
| ട്രഷറി റ്റി.എസ്.ബി.(ജനറൽ പർപ്പസ്)<br>Spl TSB A/c | 3775677 | 3582000 | 7357677 | 6720980 | 636697 |

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| | | | | | |
| എസ്.ബി.ഐ. -Misc | 1627049 | 193259 | 1820308 | 193414 | 1626894 |
| എസ്.ബി.ഐ.-സമ്പൂർണ്ണ ശുചിത്വം | 838223 | 424777 | 1263000 | 431783 | 831217 |
| കോർപ്പറേഷൻ ബാങ്ക്-SGSY | 39949 | 1537 | 41486 | 0 | 41486 |
| ഫെഡറൽബാങ്ക് -IRDP | 24426 | 926 | 25352 | 0 | 25352 |
| ADCB -EMS Housing Scheme | 280 | 100 | 380 | 50 | 330 |
| യൂണിയൻ ബാങ്ക് -സൈൻ അക്കൗണ്ട് | 4100 | 158 | 4258 | 0 | 4258 |
| യൂണിയൻ ബാങ്ക്- IAY Administration | 3961 | 46463 | 50424 | 44393 | 6031 |
| യൂണിയൻ ബാങ്ക്- Plan | 3877723 | 15408209 | 19285932 | 9947509 | 9338423 |
| ട്രഷറി റ്റി.എസ്.ബി.(ജോയിന്റ് വെഞ്ച്വർ) | 820000 | 9657955 | 10477955 | 11837955 | -1360000 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| *72 | 40203049 | 57 | 34229401 | 9 | 6 | 79.17 |
| **9 | 4817463 | 7 | 3113105 | 1 | 1 | 77.78 |
| 81 | 45020512 | 64 | 37342506 | 10 | 7 | 79.01 |

*(പ്ലാൻ ഫണ്ട്)

**(മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്)

### 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുവെങ്കിലും താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടു.

1. രജിസ്റ്ററുകളുടെ സൂക്ഷിപ്പും മറ്റും തൃപ്തികരമല്ല. മുൻകൂർ രജിസ്റ്ററും ഡെപ്പോസിറ്റ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നില്ല. സെക്രട്ടറിയുടെ തൻവർഷത്തെ ബിൽ ബുക്ക് ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭിച്ചിട്ടില്ല.

2. ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.
3. ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. കാലഹരണപ്പെട്ടതും, പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2018 | 10/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.05.2014 | 2010-11 മുതൽ 2012-13 വരെ | 14.07.2015 |

## 1-9 വാർഷിക കണക്കുകൾ - അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉള്ളടക്കം ചെയ്തിട്ടില്ല.
2. RP -34, B-7 എന്നീ പത്രികയിലെ വരവ്, നീക്കിയിരുപ്പ് വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കി ബോധ്യപ്പെടുത്തിയിട്ടില്ല.
3. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ വാർഷികകണക്കിൽ (ബി-18) ഉൾപ്പെടുത്തിയിരിക്കുന്ന മുൻകൂർ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുടിശ്ശിക ഈടാക്കാത്തതു മൂലം വരവ് നഷ്ടം

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ Rural Self Employment Training Institutes നടത്തുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ (ബിൽഡിംഗ് നം.XXII/575 & XXII/572) എസ്.ബി.റ്റി. യ്ക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ആലപ്പുഴ RSETI, എസ്.ബി.റ്റി ഡയറക്ടറും ചേർന്ന് 08.02.2010ൽ ഏർപ്പെട്ട കരാർ പ്രകാരം പ്രതിമാസം 3500/-രൂപ നിരക്കിൽ വാടക നിശ്ചയിച്ചിട്ടുള്ളതാണ്. കരാർ ഖണ്ഡിക നം. 2 പ്രകാരം, ടി കെട്ടിടങ്ങളുടെ വാടക കരാർ 5 വർഷം പൂർത്തിയാകുന്നതിന് 3 മാസം മുമ്പ് (09.11.2014 ന്) 20% വർദ്ധനവ് വരുത്തി പുതുക്കേണ്ടതാണ്. 12.08.2015ലെ 02-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 08.02.2015 മുതൽ 08.01.2016 വരെ 11 മാസത്തേയ്ക്ക് 4200/-

രൂപ വാടക പുതുക്കി നിശ്ചയിച്ചതായും വാടക കെട്ടിടത്തിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് ,അറ്റകുറ്റപണി എന്നിവ സ്ഥാപനം വഹിക്കണമെന്നും തീരുമാനിച്ചതായി കാണുന്നു. കരാർ കാലാവധി അവസാനിക്കുന്ന 11/2014 മുതൽ 03/2018 വരെ 20% വർദ്ധനവ് തുകയായ 700 രൂപ പ്രതിമാസ നിരക്കിൽ ഈടാക്കാത്തതു മൂലം ഓഡിറ്റ് വർഷത്തിൽ മാത്രം ആകെ 8400/- (700X12) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

എസ്.ബി.റ്റി യുടെ 07.11.2017-ലെ SBT RSETI/ALP/63-ാം നമ്പർ കത്ത് പ്രകാരം 08.02.2015 മുതൽ വാടക കരാർ 5 വർഷത്തേയ്ക്ക് പുതുക്കി നൽകണമെന്നും 08.02.2015 മുതൽ വർദ്ധനവ് പ്രകാരമുള്ള വാടക കുടിശ്ശിക അടയ്ക്കാമെന്നും സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ 07.02.2020 വരെ കെട്ടിടങ്ങളുടെ കരാർ കാലാവധി മുൻകാല പ്രാബല്യത്തോടെ പുതുക്കുന്നതിനും 08.02.15 മുതൽ വാടക ഒരു വർഷത്തേക്ക് 4200/- രൂപയും തുടർന്നുള്ള വർഷങ്ങളിൽ 10% കൂട്ടിയുള്ള തുക വർദ്ധിപ്പിച്ച് നൽകേണ്ടതാണെന്നും 17.11.17 ലെ ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച വിവരം SBT യെ അറിയിച്ചിട്ടുള്ളതാണെങ്കിലും സ്ഥാപനം വാർഷിക വർദ്ധനവ് പ്രകാരമുള്ള തുക നൽകുന്നതിന് ബുദ്ധിമുട്ട് അറിയിച്ചതിനെ തുടർന്ന് 04.06.2018-ലെ 3-ാം നമ്പർ തീരുമാനം പ്രകാരം 08.02.2015 മുതൽ പ്രതിമാസം 7000/- രൂപ വാടക ഇനത്തിൽ നൽകേണ്ടതാണ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിനനുസൃതമായി നാളിതു വരെ സ്ഥാപനം കുടിശ്ശിക തുക നൽകിയിട്ടില്ല.

2018-19-ൽ കൈക്കൊണ്ട തീരുമാനത്തിനു മുൻപായിട്ടുള്ള നാമമാത്ര വർദ്ധനവ് പോലും ഈടാക്കാതിരുന്നതിനാൽ 8400/- രൂപ (3500ന്റെ 20%x 12)സെക്രട്ടറിയുടെ ബാധ്യതയായി നിലനിർത്തുന്നു. കുടിശ്ശിക തുക പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ 14 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 37,766/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഐ.ഡി | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | പ്രീമെട്രിക് ഹോസ്റ്റൽ ചുറ്റുമതിൽ ബലപ്പെടുത്തൽ | 2017-LSGD-132609-1 | 2 | 708 | 1416 |
| 2 | മുഹമ്മ ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിലെ എ.കെ.ജി. കുടിലിൽ റോഡ് ടാറിംഗ് | 2017-LSGD-132555-1 | 5 | 1180 | 5900 |
| 3 | മുഹമ്മ ഗ്രാമപഞ്ചായത്തിലെ മദർതെരേസ-മാവിൻചുവട് റോഡ് ടാറിംഗ് | 2017-LSGD-132558-1 | 6 | 1180 | 7080 |
| 4 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ തിരുഹൃദയ ദേവാലയം മുതൽ മടയാംതോട് വരെ | 2017-LSGD-132551-1 | 2 | 1180 | 2360 |

| | | | | | |
|---|---|---|---|---|---|
| | കാന നിർമ്മാണം | | | | |
| 5 | ആര്യാട് ഗ്രാമപഞ്ചായത്തിലെ ഭാവനാ ജംഗ്ഷൻ മുതൽ എ.എസ് കനാൽ വരെ കാന നിർമ്മാണം | 2017-LSGD-132577-1 | 2 | 1770 | 3540 |
| 6 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് 21-ാം വാർഡിൽ പൂഞ്ഞിലിക്കാട്-പാറപ്പള്ളി കാന നിർമ്മാണം | 2017-LSGD-132611-1 | 1 | 1180 | 1180 |
| 7 | ആര്യാട് ഗ്രാമപഞ്ചായത്തിൽ പൂങ്കാവ് തീർത്ഥശ്ശേരി റോഡിൽ കൈരളി ജംഗ്ഷനിൽ കാന നിർമ്മാണം | 2017-LSGD-132601-1 | 1 | 1180 | 1180 |
| 8 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ വാർഡ് 3-ൽ പഴഞ്ഞാല പെരുംതുരുത്ത് തോടിന് സംരക്ഷണഭിത്തി നിർമ്മാണം | 2017-LSGD-132591-1 | 2 | 1180 | 2360 |
| 9 | മാരാരിക്കുളംതെക്ക് പഞ്ചായത്ത് വാർഡ്-15 ഓമനപ്പുഴത്തോടിന് സംരക്ഷണഭിത്തി നിർമ്മാണം | 2017-LSGD-132599-1 | 2 | 1180 | 2360 |
| 10 | മാരാരിക്കുളംതെക്ക് പഞ്ചായത്തിൽ ഹെർക്കലീസ് ജിം ആല്യംപറമ്പ് റോഡിൽ കലുങ്കും സംരക്ഷണഭിത്തിയും | 2017-LSGD-132578-1 | 1 | 1180 | 1180 |
| 11 | വളവനാട് പി.എച്ച്.സി.യിൽ ടോയ്‌ലെറ്റ് ബ്ലോക്ക് | 2017-LSGD-158523-2 | 1 | 1420 | 1420 |
| 12 | ശുചിത്വമാർന്ന നാട്ടിടവഴി ടൈൽ നിർമ്മാണം-എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിൽ യൂണിറ്റുകൾക്ക് സഹായം-വർക്ക്ഷെഡ് നിർമ്മാണം പൂർത്തീകരണം- മുഹമ്മ ഗ്രാമപഞ്ചായത്ത് | 2017-LSGD-158506-2 | 1 | 590 | 590 |
| 13 | പാതിരാമണലിലേയ്ക്കുള്ള വിനോദസഞ്ചാരികൾക്ക് സാനിട്ടേഷൻ സൗകര്യത്തോടുകൂടിയ കാത്തിരിപ്പ് കേന്ദ്രംനിർമ്മാണം | 2017-LSGD-158535-2 | 1 | 1300 | 1300 |
| 14 | മുഹമ്മ സി.എച്ച്.സി. ചുറ്റുമതിലിന്റേയും ഗേറ്റിന്റേയും പുനർനിർമ്മാണവും മറ്റ് അറ്റകുറ്റപ്പണികളും | 2017-LSGD-158526-2 | 2 | 2950 | 5900 |
| | | | | ആകെ | 37766 |

എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 2017-18 വർഷത്തെ ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2017-18 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്കായി പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച തുകയുടെ ആധികാരികത പരിശോധിക്കുന്നതിനായി പ്രസ്തുത കാലയളവിലെ ട്രഷറി ബിൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബിൽ ബുക്ക് കണ്ടെത്തുവാൻ കഴിഞ്ഞില്ലായെന്നും ബിൽ ബുക്കിന്റെ പകർപ്പ് ട്രഷറിയിൽ നിന്നും ലഭ്യമാക്കി ഓഫീസിലെ ചെലവ് രേഖകളുമായി പൊരുത്തപ്പെടുത്തി ഓഡിറ്റ് തീരുന്നതിന് മുമ്പ് ഹാജരാക്കാമെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയതെങ്കിലും ആയത് ഓഡിറ്റ് പൂർത്തിയായിട്ടും ഹാജരാക്കുകയുണ്ടായില്ല. ഓഫീസിലെ ഏറ്റവും പ്രധാനപ്പെട്ട രേഖകളിലൊന്നായ ബിൽ ബുക്ക് കണ്ടെത്തുവാൻ കഴിഞ്ഞില്ലായെന്നത് കൃത്യനിർവ്വഹണത്തിലുള്ള ഗുരുതരമായ വീഴ്ചയാണ്. ബിൽ ബുക്കിന്റെ അഭാവത്തിൽ ബിൽ കോപ്പി, സൂലേഖ ചെലവ് പത്രിക, എ.സി.ആർ എന്നിവയുടെ അടിസ്ഥാനത്തിലാണ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി ചെലവുകളുടെ പരിശോധന നടത്തിയിട്ടുള്ളത്. 2017-18 വർഷം സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ കൃത്യമായ ചെലവ് വിവരം ട്രഷറിയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2017-18 വർഷം നിർവ്വഹണം നടത്തിയ താഴെപറയുന്ന പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി അനുവദിച്ചിട്ടുള്ള തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നൽകിയ തുക/ തീയതി. | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 1 | പകൽവീടിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം (പ്രോജക്ട് നം 109/2018) | 100000 (03.03.18) | മുഹമ്മ ഗ്രാമപഞ്ചായത്ത് |
| 2 | ശുചിത്വ ആര്യാട് – ഹരിത കിരണം – സ്റ്റീൽ പാത്രങ്ങൾ വാങ്ങുന്നതിന് വിഹിതം നൽകൽ (പ്രോജക്ട് നം 108/2018) | 520000 (02.03.18) | ആര്യാട് ഗ്രാമപഞ്ചായത്ത് |
| 3 | പാലിയേറ്റീവ് കെയർ – ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ (പ്രോജക്ട് നം 20/2018) | 100000 (16.11.17) | മുഹമ്മ ഗ്രാമപഞ്ചായത്ത് |
| | | 150000 (30.10.17) | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് |
| | | 100000 (30.10.17) | ആര്യാട് ഗ്രാമപഞ്ചായത്ത് |
| | | 150000 (30.10.17) | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് |
| | ആകെ തുക | 11,20,000 | |

ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുക എപ്രകാരം ചെലവഴിച്ചുവെന്നതു സംബന്ധിച്ച് രേഖകളൊന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ മേൽ പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ 11,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകൽ – വിനിയോഗ സാക്ഷ്യപത്രത്തിൽ വ്യക്തതയില്ല.

സാമൂഹ്യ സുരക്ഷാ മിഷന്റെ വിവിധ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് വിഹിതം നൽകുവാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. 2017-18 വർഷം സെക്രട്ടറി നടപ്പിലാക്കിയ 25/2018 നമ്പർ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 5,00,000/- രൂപ പിൻവലിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകുകയും, തുക കൈപ്പറ്റിയതു സംബന്ധിച്ച് സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭിച്ച രസീത് ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭിച്ച 12.5.2018ലെ A3-2101/2016/KSSM നമ്പർ ധനവിനിയോഗ സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടുള്ളത്, 2017-18 വർഷം ലഭിച്ച 1,60,000/- രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നാണ്. മേൽ വിഷയത്തിലെ പൊരുത്തക്കേട് വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. 25/2018 നമ്പർ പ്രോജക്ട് പ്രകാരം നൽകിയ 5,00,000/- രൂപയിൽ എത്രതുക 2017-18 വർഷം വിനിയോഗിച്ചിട്ടുണ്ടെന്നതു സംബന്ധിച്ച കൃത്യമായ കണക്ക് സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ലാത്ത പക്ഷം ആയത് 2018-19 വർഷത്തെ വിഹിതത്തിൽ നിന്നും ക്രമീകരിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-4 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.

മുഹമ്മ ഗ്രാമപഞ്ചായത്തിലെ രണ്ട് പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണത്തിനായി സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയാണ് പുളിമൂട് കോളനി അടിസ്ഥാന സൗകര്യ വികസനം (പ്രോജക്ട് നം 115/2018). ടി പദ്ധതി പ്രകാരം പുളിമൂട് കോളനിയിലെ സരള ചന്ദ്രൻ, കുമാരി സന്തോഷ് എന്നിവർക്ക് ഭവന പുനരുദ്ധാരണത്തിനായി വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും 3,00,000/- രൂപ (22.3.2018ലെ ബിൽ പ്രകാരം 150000/- രൂപയും & 27.3.2018ലെ ബിൽ പ്രകാരം 150000/- രൂപയും) നൽകിയിട്ടുണ്ട്.

അതുപോലെ സെക്രട്ടറി നടപ്പിലാക്കിയ മറ്റൊരു പദ്ധതിയായ എസ്.ടി കോളനി സമഗ്ര വികസനം – പഠനോപകരണം നൽകൽ (പ്രോജക്ട് നം. 116/2018) എന്ന പദ്ധതി പ്രകാരം ഇതേ കോളനിയിലെ ആറ് വിദ്യാർത്ഥികൾക്ക് സ്റ്റീൽ ടേബിൾ, കസേര, ടേബിൾ ലാമ്പ് എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനായി 30,000/- രൂപയും (ബിൽ തീയതി 24.3.2018) ചെലവഴിച്ചിട്ടുണ്ട്.

2017-18 വർഷത്തെ പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാത്രമാണ് മേൽ പറയുന്ന പ്രോജക്ട് നടപ്പാക്കുവാൻ അനുമതിയുള്ളത്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ടി പ്രോജക്ട് നടപ്പാക്കുവാൻ സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെയും ചെലവഴിച്ച 3,30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 കേരളോത്സവം 2017 – അടങ്കലിനെക്കാൾ കൂടുതലായി തുക ചെലവഴിച്ചു.

കേരളോത്സവം നടത്തിപ്പിനായി 1,30,000/- രൂപ അടങ്കലിൽ (വികസന ഫണ്ട് 1,00,000/- രൂപ, യുവജനക്ഷേമ ബോർഡ് വിഹിതം 30,000/- രൂപ) പദ്ധതി തയ്യാറാക്കുകയുണ്ടായി. എന്നാൽ ചെലവ് രേഖകൾ പരിശോധിച്ചതിൽ, യുവജനക്ഷേമ ബോർഡിൽ നിന്നും ലഭിച്ച 35,500/- രൂപ ഉൾപ്പെടെ 1,34,978/- രൂപ (18.12.2017ലെ ബിൽ പ്രകാരം) ഇതിനായി ചെലവഴിച്ചതായി കാണുന്നു. പദ്ധതി അടങ്കലിൽ അധികമായി തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് ഭേദഗതി ചെയ്യാതെ അടങ്കൽ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചത് നടപടിക്രമങ്ങളുടെ ലംഘനമാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

റോബിൻ സ്പോർട്സ് സെന്റർ ആലപ്പുഴയിൽ നിന്നും സ്പോർട്സ് ഐറ്റംസ്, ട്രോഫി എന്നിവ വാങ്ങുന്നതിനായി 28,412/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. 2010 ലെ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം 50,000/- രൂപ വരെയുള്ള വാങ്ങലുകൾ ക്വട്ടേഷൻ പ്രകാരമാണ് നടത്തേണ്ടത്. സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചാണ് വാങ്ങലുകൾ നടത്തുന്നതെന്ന് പർച്ചേസ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 ആർദ്രമീ ആര്യാട് – പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോഴും പ്രാരംഭ ഘട്ടത്തിൽ.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള മുഹമ്മ, മാരാരിക്കുളം തെക്ക്, ആര്യാട്, മണ്ണഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ കുടുംബങ്ങളിൽ ആരോഗ്യ സർവ്വേ നടത്തി ഓരോ വ്യക്തിയുടേയും ജീവിതശൈലി രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങൾ കണ്ടെത്തി സമയബന്ധിതമായ ചികിത്സ ഉറപ്പാക്കുന്നതിനായി തൻവർഷം നടപ്പിലാക്കിയ ഒരു നൂതന പദ്ധതിയാണ് ആർദ്രമീ ആര്യാട്. ഇതിനായി ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ നിന്നും സേവന തല്പരരായ രണ്ടായിരത്തോളം ആർദ്രം ഹെൽത്ത് വോളന്റിയർമാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകുന്നതിനും, 20 വീടിന് ഒരു ഹെൽത്ത് കോർഡിനേറ്റർ എന്ന നിലയിൽ ഇവരെ പരിശീലിപ്പിച്ച് പ്രവർത്തനസജ്ജരാക്കി ചികിത്സയും മരുന്നും സാധാരണക്കാരന് വീടിനടുത്ത് ലഭ്യമാക്കുകയാണ് പ്രോജക്ട് കൊണ്ട് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടിന്റെ വിഭവ സമാഹരണം, അടങ്കൽ തുക, ചെലവ് വിവരം എന്നിവ താഴെകൊടുക്കുന്നു.

| | പദ്ധതി അടങ്കൽ | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| പദ്ധതി വിഹിതം | 9,00,100 | 9,00,100 | 9,00,100 (ബിൽ നം. 02/12.2.2018) |
| ജില്ലാപഞ്ചായത്ത് വിഹിതം | 12,83,500 | 12,00,000 | 12,00,000 (ചെക്ക് നം. 3068004/ 29.3.2018) |
| ഗ്രാമപഞ്ചായത്ത് വിഹിതം | 8,50,000 | 6,25,000 | 65,906 (ചെക്ക് നം. 3068007/ 28.3.2018) |
| ആകെ | 30,33,600 | 27,25,100 | 21,66,006 |

*പദ്ധതി പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.*

പ്രോജക്ട് വിഭാവനം ചെയ്ത ഭൗതികലക്ഷ്യങ്ങളൊന്നും തന്നെ നാളിതുവരെ കൈവരിച്ചിട്ടില്ല. ജനപ്രതിനിധികൾ, ആശാ പ്രവർത്തകർ, അങ്കണവാടി വർക്കേഴ്സ്, സന്നദ്ധ പ്രവർത്തകർ മുതലായവരുടെ പരിശീലനവും പദ്ധതിയ്ക്കാവശ്യമായ ബി.പി അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ സ്ട്രിപ്സ്, ലാൻസെറ്റ്, ഡിജിറ്റൽ വെയിംഗ് മെഷീൻ മുതലായ ഉപകരണങ്ങളുടെ വാങ്ങലും മാത്രമാണ് തൻവർഷം നടന്നിട്ടുള്ളത്. പരിശീലന പരിപാടിയ്ക്കായി 65,906/- രൂപയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനായി 21,00,100/- രൂപയും ഉൾപ്പെടെ 21,66,006/- രൂപ ടി പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ ഉപകരണങ്ങൾ സബ്സെന്ററുകൾ കേന്ദ്രീകരിച്ച് സൂക്ഷിച്ചിരിക്കുകയാണ്.

വാർഡ് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സന്നദ്ധ പ്രവർത്തകരുടെ വിശദാംശങ്ങൾ, ഇവരുടെ നേതൃത്വത്തിൽ ആരോഗ്യ സർവ്വേ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കുന്നതിനായി രേഖാമൂലം ആവശ്യപ്പെടുകയുണ്ടായി. ആരോഗ്യസർവ്വേ നടത്തുന്നത് സന്നദ്ധ പ്രവർത്തകർ മുഖേനയാണെന്നും ഇവർ പ്രതിഫലം കൂടാതെ സേവനം ചെയ്യുന്നതിനാലും സർവ്വേയ്ക്ക് ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവ് ഉള്ളതിനാലും 2017-18ൽ പദ്ധതി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും 2018-19 വർഷം വിവരശേഖരണം പൂർത്തിയാക്കുമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ ഓഡിറ്റിനെ അറിയിച്ചത്. സന്നദ്ധ പ്രവർത്തകർക്കുള്ള ഐഡന്റിറ്റി കാർഡ്, ഡയറി, ഓരോ കുടുംബങ്ങളിലുമുള്ള അംഗങ്ങളുടെ ആരോഗ്യസ്ഥിതി രേഖപ്പെടുത്തുന്ന ഹെൽത്ത് കാർഡ് എന്നിവ ഇതുവരെയും പ്രിന്റ് ചെയ്ത് ലഭിച്ചിട്ടില്ല. ഇവ ലഭിച്ചാൽ മാത്രമേ വിവരശേഖരണം പൂർത്തിയാക്കി ഡാറ്റാ എൻട്രി നടത്തുവാൻ സാധിക്കുകയുള്ളൂ. അതിന് ശേഷം മാത്രമേ പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയൂ. പ്രോജക്ട് നടപ്പിലാക്കി രണ്ടാമത്തെ വർഷവും പ്രാഥമികമായി നടപ്പാക്കേണ്ട കാര്യങ്ങൾ പോലും പൂർത്തീകരിച്ചില്ലായെന്നത് പദ്ധതി ആസൂത്രണ, നിർവ്വഹണത്തിലെ പോരായ്മയാണ് വെളിവാക്കുന്നത്. വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ആരോഗ്യമേഖലയിലെ ജീവനക്കാരെ ഏകോപിപ്പിച്ചുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

*വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും കൃത്യമായി ഇടപെടുന്നില്ല.*

ഇത്രയും ബൃഹത്തായ ഒരു പദ്ധതിയായിട്ടും വർക്കിംഗ് ഗ്രൂപ്പിൽ (ആരോഗ്യം) ഇതുസംബന്ധിച്ച് യാതൊരുവിധ ചർച്ചകളും നടന്നിട്ടില്ല. 18.5.2017, ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മറ്റ് പ്രോജക്ടുകളോടൊപ്പം ഇതിനും അംഗീകാരം നൽകുകയും തുടർന്ന് 14.11.2017ൽ പരിശീലന പ്രവർത്തനങ്ങൾ നടത്തി എത്രയുംവേഗം പ്രോജക്ട് പൂർത്തിയാക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തുടർന്നുള്ള യോഗങ്ങളിൽ ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്തിട്ടില്ല. പദ്ധതി ആസൂത്രണത്തിന് ശേഷം മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ ഒരു മോണിറ്ററിംഗ് റിപ്പോർട്ട് പോലും ഫയലില്ല. മേൽ കമ്മിറ്റികളുടെ. പ്രതിമാസ യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. പദ്ധതി വിഭാവനം ചെയ്ത ഭൗതിക ലക്ഷ്യം കൈവരിക്കുന്നുവെന്ന് സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്.

## 3-7 മയിൽപ്പീലിക്കൂട്ടം – കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിലെ കുട്ടികളുടെ പാഠ്യപാഠ്യേതര വിഷയങ്ങളിലെ മികവ് വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിയ നൂതന പദ്ധതിയാണ് മയിൽപീലിക്കൂട്ടം (കുട്ടികളുടെ പാഠ്യപാഠ്യേതര മികവ് പദ്ധതി – പ്രോജക്ട് നം. 36/2018). ചിത്രരചന, അഭിനയം, സാഹിത്യം മുതലായ വിഷയങ്ങളിൽ താല്പര്യമുള്ള കുട്ടികളെ സ്ക്രീനിംഗിലൂടെ കണ്ടെത്തി പ്രസ്തുത വിഷയങ്ങളിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരുടെ സഹായത്താൽ അവരെ പ്രഗത്ഭരാക്കുകയാണ് പദ്ധതിയുടെ പ്രധാനപ്പെട്ട ഭൗതിക ലക്ഷ്യം. ആലപ്പുഴയുടെ സാംസ്കാരിക ഡയറക്ടറി നിർമ്മാണം, കുട്ടികളുടെ ത്രൈമാസിക പ്രസിദ്ധീകരണം, പഠനയാത്ര എന്നിവയും പദ്ധതി ലക്ഷ്യം വെയ്ക്കുന്നു. 3,00,000/- രൂപ അടങ്കൽ കണക്കാക്കിയ ടി പദ്ധതിയ്ക്കായി 1,18,448/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വിവിധ വിഷയങ്ങളിലെ പരിശീലനവുമായി ബന്ധപ്പെട്ട അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, സ്ക്രീനിംഗിലൂടെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളിൽ നല്ലൊരുപങ്കും പരിശീലനത്തിന് ഹാജരായില്ലായെന്ന് കാണുന്നു. ഉദാഹരണത്തിന് എഴുത്തു മൂലയ്ക്കായി 46 കുട്ടികളെ സ്ക്രീനിംഗിലൂടെ തെരഞ്ഞെടുത്തുവെങ്കിലും വിവിധ തീയതികളിലായി നടന്ന 8 ക്ലാസ്സുകളിൽ പങ്കെടുത്തത് വിരലിലെണ്ണാവുന്ന കുട്ടികൾ മാത്രമാണ്. ആദ്യദിവസമായ 23.12.2017ന് 17 കുട്ടികൾ പങ്കെടുത്തുവെങ്കിൽ പിന്നീടുള്ള ദിവസങ്ങളിൽ പത്തിൽ താഴെ കുട്ടികൾ മാത്രമാണ് ക്ലാസ്സിന് ഹാജരായിട്ടുള്ളത്. നാട്യമൂല, വരമൂല എന്നിവയിലും സ്ക്രീനിംഗിലൂടെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ നാലിലൊന്നു പോലും പിന്നീട് നടന്ന പരിശിലന ക്ലാസ്സുകൾക്ക് എത്തിയില്ല. വിവിധ കളിമൂലകളിൽ (എഴുത്ത്മൂല, വരമൂല, നാട്യമൂല മുതലായവ) പരിശീലനം നൽകുന്ന റിസോഴ്സ് പേഴ്സൺമാർക്ക് യാത്രബത്ത, ഫാക്കൽട്ടി ഫീസ് ഇനങ്ങളിലായി ക്ലാസ്സൊന്നിന് 2000/- രൂപയാണ് നൽകിയിട്ടുള്ളത്. കുട്ടികളുടെ അപര്യാപ്തത റിസോഴ്സ് പേഴ്സൺമാരുടെ സേവനം പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിന് വിഘാതമായിട്ടുണ്ട്. കളിമൂലകളിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം വളരെ കുറയുന്നുവെന്ന് 14.11.2017ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. സ്ക്രീനിംഗിലൂടെ തെരഞ്ഞെടുത്ത മുഴുവൻ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാതിരുന്നത് പദ്ധതി വിഭാവനം ചെയ്ത ഭൗതികലക്ഷ്യത്തെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. വരുംവർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ഇ.എം.എസ് വായ്പാ തിരിച്ചടവ് – യഥാസമയം ലോൺ അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്തില്ല.

ഇ.എം.എസ്. ഭവനപദ്ധതിക്കായി ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ കലവൂർ ശാഖയിൽ നിന്നാണ് പഞ്ചായത്ത് ഭവനവായ്പ എടുത്തിട്ടുള്ളത്. പദ്ധതി പ്രകാരമുള്ള വായ്പാതുക പഞ്ചായത്തും 10% നിരക്കിലുള്ള പലിശ സംസ്ഥാന സർക്കാരുമാണ് അടക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ 01/2018, 118/2018 എന്നീ പ്രോജക്ടുകൾ പ്രകാരം 2017 -18ൽ വികസന ഫണ്ടിൽ നിന്നും 19,20,000/- രൂപ ഇ.എം.എസ് ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി വകയിരുത്തിയിരുന്നു. ഇതിൽ പ്രോജക്ട് 01/2018 പ്രകാരമുള്ള 13,04,250/- രൂപ യഥാസമയം (28.12.2017) ലോൺ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ വായ്പാ തിരിച്ചടവിനായി 118/2018 നമ്പർ പ്രോജക്ട് പ്രകാരം 4,52,766/- രൂപയുടെ ബിൽ തയ്യാറാക്കി 26.3.2018 ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ടി തുക ജില്ലാ സഹകരണ ബാങ്കിന്റെ കലവൂർ ശാഖയിലെ വായ്പാ അക്കൗണ്ടിൽ ക്രഡിറ്റ്

ചെയ്യപ്പെട്ടിരിക്കുന്നത് 18.11.2018ൽ മാത്രമാണ്. അതായത് 7 മാസവും 25 ദിവസും കഴിഞ്ഞാണ് തുക ബാങ്കിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിരിക്കുന്നത്. വായ്പ തിരിച്ചടവിനായി പിൻവലിച്ച പണം യഥാസമയം ബാങ്കിൽ വരവ് വന്നുവെന്ന് ഉറപ്പാക്കാതിരുന്നത് മൂലം 29,647/- രൂപ (4,52,766x10%x239/365) സംസ്ഥാന സർക്കാരിന് പലിശയിനത്തിൽ അധികച്ചെലവുണ്ടായി. ട്രഷറിയിൽ നിന്നും യഥാസമയം വായ്പാതുക ലോൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരുന്നിട്ടും തുടർനടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-9 മരുന്ന് വിതരണം പൂർത്തിയായില്ല - തുക തടസ്സപ്പെടുത്തുന്നു.

1. മുഹമ്മ സി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 5,00,000/- രൂപ ബിൽ നം - 01/2017-18/ 18.11.2017) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരം നാളിതുവരെ 2,31,149/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് കെ.എം.എസ്.സി വിതരണം ചെയ്തിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | വിതരണം ചെയ്ത മരുന്നിന്റെ വില |
|---|---|---|
| 1 | PRF288/ 19.5.2017 | 5306 |
| 2 | PRF1847/ 19.5.2017 | 8946 |
| 3 | PRF1843/ 19.5.2017 | 10733 |
| 4 | PRF3008/ 13.6.2017 | 34005 |
| 5 | PRF664/ 13.6.2017 | 6175 |
| 6 | PRF4836/ 13.6.2017 | 133128 |
| 7 | PRF11348/ 27.10.2017 | 32856 |
| | ആകെ | 231149 |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഇനിയും ലഭിക്കുവാനുള്ള മരുന്നുകളുടെ വിലയായ 268851/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെ.എം.എസ്.സി-യിൽ നിന്നും ശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നമുറയ്ക്ക് ആയതിന്റെ ഇൻവോയ്സുകളും സ്റ്റോക്ക് വിതരണ രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2. ആർദ്രമീ ആര്യാട് പദ്ധതിയ്ക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനായി 21,00,100/ രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എം.എസ്.സി-യിൽ നിന്നും 20,83,106/- രൂപയുടെ ഉപകരണങ്ങൾ ഇതുവരെ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഉപകരണങ്ങളുടെ വിലയായ 16,994/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ എത്രയുംവേഗം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-10 കൃഷി അസി.ഡയറക്ടർ നിർവ്വഹിച്ച പ്രോജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

2017-18 സാമ്പത്തിക വർഷം കൃഷി അസി. ഡയറക്ടർ നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുളിൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഇല്ലെന്ന് കാണുന്നു. പ്രോജക്ടുകളുടെ വിശദാംശവും ന്യൂനതകളും ചുവടെ കൊടുക്കുന്നു.

1) പ്രോജക്ട് നം. - 9/18( പച്ചക്കറി കൃഷി വികസനം)

അടങ്കൽ - 3,44,000/-

ചെലവ് - 3,40,000/-
(ബിൽ നം. B3/17-18/ 30.10.17- 2,38,000/-; ബിൽ നം. B8/17-18/ 26.03.18- 1,02,000/-)

ബ്ലോക്ക് പരിധിയിലുള്ള 100 ഗ്രൂപ്പുകൾക്ക് 1 ഏക്കർ വീതം പച്ചക്കറി കൃഷി ചെയ്യുന്നതിന് പഞ്ചായത്തുകളിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് 1 ഏക്കറിന് 3400/- രൂപ വീതം കൂലി ചെലവ് സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്.

ബിൽ നം. B3 പ്രകാരം പിൻവലിച്ച തുകയിൽ 68000/- രൂപ ആര്യാട് ഗ്രാമ പഞ്ചായത്തിനും 1,70,000/- രൂപ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിനും അവരുടെ ട്രഷറി അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ബിൽ നം. B8 പ്രകാരം പിൻവലിച്ച തുകയിൽ 34,000/- രൂപ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേയ്ക്കും 68,000/- രൂപ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേയ്ക്കും നൽകിയിട്ടുണ്ട്.

എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

2) പ്രോജക്ട് നം. - 11/18 (നെൽ കൃഷി വികസനം)

അടങ്കൽ - 9,35,000/-

ചെലവ് - 9,35,000/- (ബിൽ നം. B1/17-18/ 30.10.17)

110 ഹെക്ടർ നെൽകൃഷി ചെയ്യുന്നതിന് കൂലിചെലവ് സബ്സിഡി നൽകുന്നതിനായിട്ടുള്ളതാണ് പ്രോജക്ട്. ഇത് പ്രകാരം മുഹമ്മ ഗ്രാമ പഞ്ചായത്തിന് 212500/- രൂപയും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന് 722500/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

3) പ്രോജക്ട് നം. - 48/18( പച്ചക്കറി കൃഷി വികസനം-വനിത)

അടങ്കൽ - 34,000/-

ചെലവ് - 34,000/- (ബിൽ നം. B2/17-18/ 30.10.17)

60 ഗ്രൂപ്പുകൾക്ക് 60 ഏക്കറിന് എന്ന കണക്കിൽ ഏക്കറൊന്നിന് 3400/- രൂപ കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായിട്ടുള്ളതാണ് പ്രോജക്ട്. ഇത് പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന് 34000/- രൂപ നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

മേൽ പ്രോജക്ടുകളിലെ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 കടലോര മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് വലയും കട്ടമരവും ഔട്ട്ബോർഡ് എഞ്ചിനും നൽകൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

വികസനഫണ്ടിൽ നിന്നും 2 ലക്ഷം രൂപ വകയിരുത്തി ചെലവഴിച്ച 82/18 എന്ന പ്രോജക്ട് മുഖേന സീ സ്റ്റാർ സ്വയംസഹായ സംഘത്തിന് ബാങ്ക് വായ്പാ സബ്സിഡിയായി 2 ലക്ഷം രൂപ അനുവദിച്ചിരുന്നു. (ട്രഷറി ബിൽ നം. B5/17-18/16.01.18). പ്രോജക്ട് നടത്തിപ്പിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. സീ സ്റ്റാർ സ്വയം സഹായ ഗ്രൂപ്പംഗങ്ങൾ എത്ര പേർ ഉണ്ട് എന്നതിന്റെ രേഖകൾ ലഭ്യമല്ല. കൂടാതെ ഗ്രൂപ്പിലെ അംഗങ്ങൾ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗങ്ങളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല
2. ഔട്ട് ബോർഡ് എഞ്ചിൻ, വല എന്നിവ ഉൾപ്പെടെയുള്ള ഡിങ്കിയുടെ അംഗീകൃത യൂണിറ്റ് കോസ്റ്റ് മത്സ്യവകുപ്പിൽ നിന്നുള്ളത് ലഭ്യമല്ല. പ്രോജക്ടിൽ സെക്കൻഹാൻഡ് ഫൈബർ വള്ളവും തടിവള്ളവും വാങ്ങിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. സെക്കൻഹാൻഡ് വള്ളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ലഭ്യമാക്കേണ്ടതാണ്. (ഫൈബർ വള്ളം - 32അടി നീളം, 7.2 അടി വീതം, 3.7 അടി ആഴം; തടി വള്ളം (കാരിയർ)- 11.436 മീ. നീളം, 1.683മീ വീതി, 0.75 മീ. ആഴം)
3. മത്സ്യബന്ധന വല മത്സ്യഫെഡിന്റെ വ്യാസാ സ്റ്റോറിൽ നിന്നു വാങ്ങിയിരിക്കണമെന്നാണ് മാർഗ്ഗരേഖയിലെ

നിബന്ധന. എന്നാൽ ഇതിന് വിരുദ്ധമായി സ്വകാര്യ സ്ഥാപനങ്ങളിലെ ബില്ലുകളാണ് ഹാജരാക്കിയിട്ടുള്ളത്. ബില്ലുകൾ പ്രകാരമുള്ള തുക സ്ഥാപനങ്ങൾ വാങ്ങിയതിന്റെ കൈപ്പറ്റ് ലഭ്യമല്ല.

4. തൊഴിലുപകരണങ്ങളുടെ വിലയും അനുബന്ധ ചെലവുകളും എന്ന സ്റ്റേറ്റ്മെന്റ് പ്രകാരം സീ സ്റ്റാർ സ്വയംസഹായ സംഘം ഹാജരാക്കിയ കണക്ക് 9,68,635/- രൂപയാണ്. ഇതിൽ ഇന്ധനം (മണ്ണെണ്ണ-പെട്രോൾ,ഓയിൽ) എന്ന ഇനമായി 37000/- രൂപയും വായ്പ തിരേ്യ ബാങ്കിൽ എന്ന ഇനത്തിൽ 33000/- രൂപയും ബാലൻസ് നിൽപ് ബാങ്ക് അക്കൌണ്ടിൽ എന്ന ഇനമായി 30,000/- രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു. വല സെറ്റിംഗ് ചാർജ്ജായി 75000/- രൂപയും, ബാറ്ററി സെറ്റിംഗ് - കേബിൾ ഇലക്ട്രിക്കൽ വർക്കിനത്തിൽ 7500/- രൂപയും, എഞ്ചിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി 5000/- രൂപയും കാണിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ ആധികാരികത തെളിയിക്കുന്ന രേഖകളൊന്നും പ്രോജക്ട് ഫയലിൽ ലഭ്യമല്ല. കൂടാതെ തടിവള്ളത്തിന്റെ വിലയായി ക്രമ നം. 2 പ്രകാരം 55000/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ തടിവള്ളത്തിന്റെ മുൻ ഉടമയുമായുള്ള കരാർ പത്രത്തിൽ ടി വള്ളത്തിന്റെ വില 36000/- രൂപ മാത്രമാണ്.

5. മത്സ്യവകുപ്പിൽ നിന്നുള്ള ഔട്ട് ബോർഡ് എഞ്ചിൻ, വല എന്നിവ ഉൾപ്പെടെയുള്ള ഡിങ്കിയുടെ അംഗീകൃത യൂണിറ്റ് കോസ്റ്റ് കണക്കാക്കാതെ ഗ്രൂപ്പിന് യൂണിയൻ ബാങ്ക് അനുവദിച്ച വായ്പാ തുകയായ 8 ലക്ഷം രൂപയുടെ 25% തുക സബ്സിഡിയായി നൽകിയതായി കാണുന്നു.

മേൽ അപാകതയിന്മേൽ ആവശ്യമായ രേഖകളും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നം. 12/29.12.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 2 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 മാതൃകാ കൃഷിത്തോട്ടം- പ്രോജക്റ്റിലെ അപാകതകൾ

മാതൃകാ കൃഷിത്തോട്ടം എന്ന പ്രോജക്ടിൽ മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, കൃഷി സമ്പ്രദായങ്ങളെ കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുക, തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പ്രോജക്ട് നടത്തിപ്പിൽ ചില ന്യൂനതകൾ ഉള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം. - 83/18 (മാതൃക കൃഷിത്തോട്ടം)

അടങ്കൽ - 4,83,560/-

ചെലവ് - 4,83,560/- (ബിൽ നം. B7/17-18/26.03.18)

30.01.2018 ലെ 3-ാം നമ്പർ തീരുമാനം പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് തീരുമാനിക്കുകയുണ്ടായി. ഇത് പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും 7 പേരടങ്ങിയ ലിസ്റ്റും ആര്യാട് ഗ്രാമപഞ്ചായത്തിൽ നിന്നും 7 പേരടങ്ങിയ ലിസ്റ്റും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നു 15 പേരടങ്ങിയ ലിസ്റ്റുമാണ് അംഗീകരിച്ചിട്ടുള്ളത്. ഇത് കൂടാതെ 26.02.2018-ലെ 9-ാം നമ്പർ തീരുമാനം പ്രകാരം 7 പേരുള്ള മറ്റൊരു ലിസ്റ്റും അംഗീകരിച്ചു കാണുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ വിത്തും വളവും ഉൾപ്പെടെയുള്ള 9 ഇനങ്ങൾക്കായി 28 പേരുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് 17270/- രൂപ വീതം ആകെ 483560/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ വിത്തും വളവും വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. 9 ഇനങ്ങളുടെ വില കാണിച്ചിട്ടുള്ള പത്രിക മാത്രമാണ് ഫയലിൽ ഉള്ളത്. കൂടാതെ താഴെ പറയുന്ന ഗുണഭോക്താക്കൾ മേൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല എന്നും കാണുന്നു.

1) മുരളീധരൻ പി.ആർ.

2) ശ്രീജിത്ത്

3) സീസർ സി.പി.

4) ജയമോൾ

5) ഷൈലജ കെ.വൈ.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റന്വേഷണത്തിന് (13/29.12.2018) മറുപടി ലഭിക്കാത്ത

സാഹചര്യത്തിലും മേൽ അപാകതകളുടെ അടിസ്ഥാനത്തിലും പ്രോജക്ടിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-13 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ചെലവു രേഖകൾ ലഭ്യമല്ല

പ്രോജക്ട് നമ്പർ S0088/18, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പരിശോധിച്ചതിൽ, ആലപ്പുഴ ജില്ലാ ട്രഷറി ബില്ല് നമ്പർ 2/31/10/2017 പ്രകാരം 949050/- രൂപ പിൻവലിച്ചിട്ടുണ്ട്. ഇത് പ്രകാരം ആര്യാട് ഗ്രാമ പഞ്ചായത്തിന് 203500/- രൂപയും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന് 3 ലക്ഷം രൂപയും മുഹമ്മ ഗ്രാമ പഞ്ചായത്തിന് 145550/- രൂപയും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന് 3 ലക്ഷം രൂപയും ബ്ലോക്ക് വിഹിതമായി നൽകിയിട്ടുണ്ട്. എന്നാൽ ടി ഗ്രാമപഞ്ചായത്തുകൾ താഴെ പറയും പ്രകാരമാണ് തുക വിനിയോഗിച്ചതിന്റെ രേഖ നൽകിയിട്ടുള്ളത്.

ആര്യാട് - 201750/-

മാരാരിക്കുളം തെക്ക് - 2,03,400/-

മുഹമ്മ - 145275/-

മണ്ണഞ്ചേരി - 3 ലക്ഷം

ആകെ - 850425/-

ആയതിനാൽ വിനിയോഗ രേഖകളുടെ അഭാവത്തിൽ അവശേഷിക്കുന്ന 98625/- രൂപയുടെ (949050-850425) ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 മൂല്യ നിർണ്ണയത്തിലെ അപാകത മൂലം അധിക തുക നൽകി

ശുചിത്വമാർന്ന നാട്ടിടവഴി-ടൈൽ നിർമ്മാണം. എം.ജി.എൻ.ആർ.ഇ.ജി.എസ്.- തൊഴിൽ യൂണിറ്റുകൾക്ക് സഹായം- വർക്ക് ഷെഡ് നിർമ്മാണം-മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം. 115/17) പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനമായി Filling gravelly earth in layers not exceeding 20 cm in depth.... എന്ന ഇനം 41.31 $m^3$ ചെയ്തതിന് 1028.30/$m^3$ എന്ന നിരക്കിൽ 42479/- രൂപ നൽകിയിട്ടുണ്ട്. (എം. ബുക്ക് നം. IX/2016-17 പേജ് നം. 15, 23). എന്നാൽ ഫില്ലിംഗ് അളവിൽ നിന്നും ടേപ്പ് കറക്ഷൻ 10% കുറവ് ചെയ്യാതെയാണ് തുക നൽകിയിട്ടുണ്ട്. ബെയ്സ്മെന്റിനകത്ത് 20 സെ.മീ. കനത്തിൽ ഗ്രാവൽ ഫില്ലിംഗ് നടത്തി വെള്ളമൊഴിച്ച് ഉറപ്പിച്ച് ശരിയായി കൺസോളിഡേഷൻ നടത്തിയതിന് ശേഷമാണ് മെഷർമെന്റ് നടത്തിയതെന്നും ആയതിന്റെ സർട്ടിഫിക്കറ്റ് രേഖപ്പെടുത്താൻ വിട്ടുപോയതെന്നമാണ് ഇതു സംബന്ധമായ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇവിടെ ചെയ്ത പ്രവൃത്തിയുടെ ആധികാരികത അളവ് പുസ്തകത്തിലെ സാക്ഷ്യപ്പെടുത്തൽ ആയതിനാൽ രേഖപ്പെടുത്തൽ വിട്ടു പോയതാണ് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

ആയതിനാൽ മേൽ ഇനം പ്രവൃത്തിയുടെ അർഹമായ അളവും തുകയും താഴെ കൊടുക്കുന്നു.

41.31എം$^3$ – 4.131 = 37.179 എം$^3$ @ 1028.30 => 38231.17

അധികം നൽകിയത് = 42479-38231=4248/-

അധികം നൽകിയ തുക മൂല്യ നിർണ്ണയം നടത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

പ്രോജക്ടിന്റെ വിവരം

സ്പിൽ ഓവർ നം. - 44/18

അടങ്കൽ -435819/-

ആകെപ്രവൃത്തി മൂല്യം- 413875/-

ഫൈനൽ ബിൽ തുക- 349694/- (CC2nd & Final Bill)

ബിൽ നം. 04/17-18 തീ: 13.07.2017 (AEE)

കരാറുകാരൻ-ഷാഹുൽ ഹമീദ്

കരാർ നം. 09/AEE/LSGD/16-17 തീ:16.03.2017

## 3-15 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

ചെട്ടികാട് ആർ.എച്ച്.റ്റി.സി. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ എന്ന പ്രോജക്റ്റ് (പ്രോജക്റ്റ് നം. 101/17) നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് Bidder ആയ ശ്രീ. എ. എ. ജോസഫ് എന്ന കരാറുകാരനാണ്. ടിയാന്റെ ടെണ്ടർ 01.11.2016-ൽ ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് 14.12.2016-ൽ AB/242/16 -ാം നമ്പർ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ ഉടമ്പടി ഒപ്പുവെയ്ക്കാൻ നിർദ്ദേശിച്ചിരുന്നു. പിഴ കൂടാതെ കരാർ ഉടമ്പടി ഒപ്പു വെയ്ക്കാനുള്ള സമയപരിധി 27.12.2016 വരെയാണെന്നും ശേഷം 01.01.2017 വരെ കരാർ തുകയുടെ 1% പിഴ ചുമത്തി ഒപ്പു വെയ്ക്കാവുന്നതാണെന്നും പ്രസ്തുത സെലക്ഷൻ നോട്ടീസിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ കരാറുകാരനായ ശ്രീ. ശ്രീ. എ. എ. ജോസഫ്, കരാർ ഉടമ്പടി ഒപ്പു വെച്ചത് 04.01.2017-ൽ ആയതിനാൽ കരാർ തുകയുടെ 1% ആയ (588120 x 1% ) 5881/- രൂപ പിഴ ചുമത്തി വേണമായിരുന്നു കരാർ നൽകേണ്ടിയിരുന്നത്. (കേരള പൊതു മരാമത്ത് മാന്വലിലെ സെക്ഷൻ 2009.6). പിഴ ചുമത്താതിരുന്നതിന് വിശദീകരണം ആരാഞ്ഞതിന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് പിഴ ഒടുക്കുന്നതിന് കത്ത് നൽകി ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഒടുക്കുന്നതാണെന്ന് വ്യക്തമാക്കുകയുണ്ടായി. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2017-18 | 7182955 | ലൈഫ്/ഐ. എ.വൈ ഭവന നിർമ്മാണം | 6103741 | 1749214 |
| ഗ്രാമ പഞ്ചായത്ത് | 2017-18 | 625000 | ആർദ്രമീ ആര്യാട് | 65906 | 559094 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1200000 | ആർദ്രമീ ആര്യാട് | 1200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 800000 | ശുചിത്വമാർന്ന നാട്ടിടവഴികൾ | 800000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഉണ്ട്/ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ.(എം.എസ്.) 207/09/എൽ.എസ്. ജി.ഡി /07.11.2009 | 12245063 | 3115313 | 1757016 | - | 1358297 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ട് | | 2014-15 | 4.1.5 | 2000-01-ൽ 19ലക്ഷം രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് പണിതീർത്ത കയർ കോമൺ ഫെസിലിറ്റി സെന്റർ പ്രവർത്തന രഹിതമാണ്. | പദ്ധതി പരാജയപ്പെട്ട സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ 21.10.2016-ലെ III(2)II(29)-ാം നമ്പർ തീരുമാനത്തിന്റേയും ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 04.08.2016-ലെ 2-ാം നമ്പർ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ കയർ കോമൺ ഫെസിലിറ്റി സെന്റർ നിൽക്കുന്ന സ്ഥലവും കെട്ടിടവും ആലപ്പുഴ ജില്ലയിലെ അഡീഷണൽ സ്കിൽ |

| | | | | |
|---|---|---|---|---|
| | | | | അക്വിസിഷൻ പ്രോഗ്രാമിന്റെ(ASAP) കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ട് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. (സ.ഉ.(സാധാ)നം. 803/17/തസ്വഭവ തീ.21.03.2017).<br>1995-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ ചട്ടം 7(2)-ൽ അനുശാസിക്കും പ്രകാരമുള്ള കരാർ ഉടമ്പടി തയാറാക്കി നൽകുന്നതിന് അസാപിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് 01.08.2018-ലെ റ്റി.ആർ. 850/2018-ാം കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് ആര്യാട് ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. കരാർ ഉടമ്പടി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടവും സ്ഥലവും അസാപിന് കൈമാറുന്നതാണ് എന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |
| വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ട് | 2014-15 | 4.1.14 | 4,36,000/- രൂപ ചെലവഴിച്ച് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് മുഹമ്മ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 2012-13-ൽ സ്ഥാപിച്ച ഇ-ടോയ്ലെറ്റ് ഇതു വരെയായി തുറന്ന് കൊടുത്തിട്ടില്ല. | പ്രോജക്ട് നം 36/12 പ്രകാരം നിർമ്മൽ പുരസ്കാര വിഹിതത്തിൽ നിന്നും 4,36,000/- രൂപയും ശുചിത്വമിഷൻ വിഹിതം 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു. 4,36,000/- രൂപ ചെലവഴിച്ചു സ്ഥാപിച്ച ഇ-ടോയ്ലെറ്റ് നിലവിൽ പ്രവർത്തന രഹിതമാണ്. |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആൾ | സർച്ചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | 2004-05 | ഖ.3.5 | 47414/- | വി. ശശിധരൻ | LF.21663/C3/ b3, തീയതി - 18.01.2011 | തുക ഒടുക്കിയിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,67,45,704 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,66,06,404 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 8400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4248 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3497030 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 3500 | | സി. കെ. മോഹനൻ നായർ, സെക്രട്ടറി |
| | 700 | | സി. എ. ബീന, സെക്രട്ടറി |
| | 4200 | | മെൽവിൻ. സി. എഫ്, സെക്രട്ടറി |
| 3-14 | | 4248 | അപ്പൻ. എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 8400 | 4248 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1120000 | മെൽവിൻ. സി. എഫ്, സെക്രട്ടറി |
| 3-4 | 330000 | മെൽവിൻ. സി. എഫ്, സെക്രട്ടറി |
| 3-9(1) | 268851 | ഡോ. ബിജു മോഹൻ, മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, മുഹമ്മ |
| 3-9(2) | 16994 | ഡോ. ശ്രീദേവി. എസ്, മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, മുഹമ്മ |
| 3-10 | 1309000 | സഫീന. കെ. എസ്, കൃഷി അസി. ഡയറക്ടർ |
| 3-11 | 200000 | സഫീന. കെ. എസ്, കൃഷി അസി. ഡയറക്ടർ |
| 3-12 | 483560 | സഫീന. കെ. എസ്, കൃഷി അസി. ഡയറക്ടർ |
| 3-13 | 98625 | റഷീദ ബീവി, ശിശു വികസന പദ്ധതി ഓഫീസർ |
| ആകെ | 3827030 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി. കെ. മോഹനൻ നായർ,<br>സെക്രട്ടറി | റിട്ടയർ ചെയ്തു. | കറുതല,<br>കളവംകോടം. പി.ഒ,ആലപ്പുഴ |
| സി.എ.ബീന, ജി.ഇ.ഒ | ജോയിന്റ് ബി.ഡി.ഒ,<br>ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ | ബംഗ്ലാവ് പറമ്പിൽ,<br>ആറാട്ടുവഴി, ആലപ്പുഴ |
| മെൽവിൻ സി.എഫ്, സെക്രട്ടറി | ബി.ഡി.ഒ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | ചാരുവിള, മേളത്തിൽ ,<br>ചെമ്മക്കാട്,<br>പെരിനാട് പി.ഒ., കൊല്ലം |
| അപ്പൻ എസ്,<br>അസിസ്റ്റന്റ് എക്സിക്യൂട്ടിവ്<br>എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ,<br>ആര്യാട്ബ്ലോക്ക് പഞ്ചായത്ത് | ശ്രീശക്തി, 54/1120(2), എടഗ്രാം,<br>കരുമം.പി.ഒ, തിരുവനന്തപുരം |
| സഫീന.കെ.എസ്, | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, | കളിയിക്കൽ പുത്തൻവീട്, |

| | | |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ആര്യാട്ബ്ലോക്ക് പഞ്ചായത്ത് | ചേരാവള്ളി<br>കായംകുളം പി.ഒ-690502 |
| റഷീദ ബീവി,<br>സി.ഡി.പി.ഒ. | ശിശുവികസന പദ്ധതി ഓഫീസർ,<br>ആര്യാട് | കോയിക്കലേത്ത് തെക്കേതിൽ,<br>പരിമണം, മുട്ടം പി.ഒ,<br>ഹരിപ്പാട് |
| ഡോ. ബിജുമോഹൻ<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, മുഹമ്മ | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ),<br>ഗവ. മഹാരാജാ താലൂക്ക് ഹോസ്പിറ്റൽ, കൊച്ചി | ഗംഗ, കായിപ്പുറം, മുഹമ്മ. പി. ഒ,<br>ആലപ്പുഴ |
| ഡോ. ശ്രീദേവി. എസ്,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, മുഹമ്മ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി., മുഹമ്മ | വിശ്വമംഗലം,<br>കരുമാടി. പി.ഒ, അമ്പലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1997-98 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(86)/14, തീയതി: 31.03.2014 |
| 1998-99 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(87)/14, തീയതി: 31.03.2014 |
| 1999-00 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(88)/14, തീയതി: 31.03.2014 |
| 2000-01 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(89)/14, തീയതി: 31.03.2014 |
| 2001-02 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(90)/14, തീയതി: 31.03.2014 |
| 2002-03 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(91)/14, തീയതി: 31.03.2014 |
| 2003-04 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(92)/14, തീയതി: 31.03.2014 |
| 2004-05 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(93)/14, തീയതി: 31.03.2014 |
| 2005-06 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(94)/14, തീയതി: 31.03.2014 |
| 2006-07 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(95)/14, തീയതി: 31.03.2014 |
| 2007-08 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(96)/14, തീയതി: 31.03.2014 |
| 2008-09 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(97)/14, തീയതി: 31.03.2014 |
| 2009-10 | എൽഎഫ്ജിഎ5ബി പി അദാലത്ത് 26(98)/14, തീയതി: 31.03.2014 |
| 2010-11 & 2011-12 | എൽഎഫ് എ ബി പി 494/2013/23-10-2013 |
| 2012-13 | എൽഎഫ് എ ബി പി 437/2015/10-06-2015 |
| 2013-14, 2014-15 | കെ.എസ്.എ/എ.എൽ.പി/ബി.പി-1571/2015/15.12.2015 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/ബി.പി-211/2017/13.03.17/22.03.17 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/ബി.പി-1451/17/01.12.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

# അനുബന്ധം-1

നം. കെ.എസ്.എ-എ.എൽ.പി-ബി.പി- 150/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഫോൺ – 0477-2252753,

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി: 07.02.2019

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡികകളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ